# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3384

18/02/2013 - ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.ഹംസ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതാണ് സർക്കാരിന്റെ മുന്തിയ പരിഗണന എന്നത് പ്രഖ്യാപനത്തിലൊതുങ്ങി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; | (ബി) കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഉൽപ്പാദന വർദ്ധനവിനുമായി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുകയാണ്.<br>a) കുട്ടനാട്, പാലക്കാട് പ്രദേശങ്ങളിൽ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും അനുബന്ധ ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനും വേണ്ടി റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ.<br>b) സുസ്ഥിരമായ ഉല്പാദനക്ഷമതാ വർദ്ധനവിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് വിപണി ഒരുക്കുന്നതിനുമായി കോക്കനട്ട് ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ<br>c) ഗ്രീൻ/പോളിഹൗസ് പദ്ധതി പ്രകാരം മൂല്യവർദ്ധിത പച്ചക്കറി കൃഷി ആരംഭിച്ചു. വർഷത്തിലുടനീളം പച്ചക്കറി കൃഷി അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കൃഷി ചെയ്യും.<br>d) ഭക്ഷ്യസുരക്ഷ ലക്ഷ്യമാക്കി 100 കോടി രൂപ ചെലവഴിച്ചു ഒരു സംയോജിത കാർഷിക വികസന പദ്ധതി നടപ്പാക്കുന്നുണ്ട്. പ്രധാനമായും നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവക്കാണ് ഊന്നൽ നൽകുന്നത്. |

e) നാളികേരത്തിന്റെ ഉല്പാദനം മൂല്യ വർദ്ധന വിപണി എന്നിവ ശക്തി പ്പെടുത്തുന്നതിനായി ഒരു സമഗ്ര നാളികേരള വികസന പദ്ധതി നടപ്പാക്കി വരുന്നു.

f) 10 കോടി രൂപയുടെ ജൈവ കൃഷി പദ്ധതി ആരംഭിച്ചു.

g) കശുമാവ്, കൊക്കോ, സുസന്ധവിള കൾ പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്കായി ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി.

h) പൈനാപ്പിൾ കൃഷിക്കായി 1 കോടി രൂപയുടെ പൈനാപ്പിൾ മിഷൻ പദ്ധതി എസ്.എച്ച്.എം. മുഖാന്തിരം നടപ്പാക്കും.

i) ഗ്രൂപ്പ് ഫാമിംഗ് കൃഷി പ്രോൽസാഹി പ്പിക്കുന്നതിനായി നിലവിലുള്ള ആനുകൂല്യം 1500 രൂപയിൽ നിന്നും 3000 രൂപയായി വർദ്ധിപ്പിച്ചു.

j) കിലോഗ്രാമിന് 17 രൂപ നിരക്കിൽ സംസ്ഥാനത്തൊട്ടാകെ നെല്ല് സംഭ രണം.

k) നെൽ കൃഷിക്ക് ഹെക്ടറിന് 12,000/- രൂപ നിരക്കിൽ ഇൻഷ്വറൻസ് സംരക്ഷണം.

l) പ്രകൃതി ക്ഷോഭം മൂലം നെൽ കൃഷി നശിച്ചാൽ ഹെക്ടറിന് 10,000/- രൂപ നിരക്കിൽ ധനസഹായം.

m) കിലോ 16/- രൂപ നിര ക്കിൽ പച്ചതേങ്ങ സംഭരണം.

n) കർഷക ക്ഷേമ ബോർഡ്.

o) കാർഷിക തർക്ക പരിഹാര ട്രൈബ്യൂ ണൽ.

p) കെ.എൽ.ഡി.സി. മുഖേന 1000 ചിറകൾ സംരക്ഷിക്കുന്നതിനായി സഹസ്ര സരോവർ പദ്ധതി.

q) കർഷകർക്ക് മൊബൈൽ ഫോണി ലൂടെ ഫാം അഡ്വൈസറി മെസേജിംഗ് സമ്പ്രദായവും ജില്ലാ കേന്ദ്രങ്ങളിൽ അഗ്രിക്കൾച്ചറൽ കിയോസ്ക്കുകളും സ്ഥാപിച്ചു.

r) കൃഷിക്കാരും ഭൂവുടമയും ചേർന്ന് കരാർ കൃഷി നടപ്പിലാക്കി.

s) ചെറുകിട നാമമാത്ര കർഷകർക്ക് മാസം തോറും 400 രൂപ നിരക്കിൽ പെൻഷൻ നൽകുന്നുണ്ട്.

t) 12 നിയോജക മണ്ഡലങ്ങളിൽ നിറവ് പദ്ധതി ആരംഭിച്ചു.

u) ഏലത്തിന് ഒരു കോടി രൂപയുടെ വില നിയന്ത്രണ ഫണ്ട് രൂപീകരിച്ചു.

v) 6 മൊത്ത വ്യാപാര വിപണികളിൽ ആഴ്ച്ചയിൽ ഒരു ദിവസം വീതം ഉൽപ്പന്നങ്ങളുടെ ലേലം ആരംഭിച്ചു.

| | | | |
|---|---|---|---|
| (സി) | സർക്കാരിന്റെ ഭൂരിഭാഗം കൃഷി വികസന പദ്ധതികളും ഇടത്തട്ടുകാർ തട്ടിയെടുത്തു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഇല്ല. കർഷകരുടെയും കർഷക സംഘടനകളുടെയും ആവശ്യമായ ഇ-പെയ്മെന്റ് കൃഷി വകുപ്പ് 2012-13 - ൽ നടപ്പിലാക്കി. ഇതിനായി 15 ലക്ഷത്തോളം കർഷകരെ രജിസ്റ്റർ ചെയ്യുകയും ബാങ്ക് വഴി പണം നൽകി വരുകയും ചെയ്യുന്നു.. ഇതുമൂലം പദ്ധതി ആനുകൂല്യങ്ങൾ ഇടത്തട്ടുകാർ തട്ടിയെടുക്കുന്നത് തടയുന്നതിനു സാധിച്ചിട്ടുണ്ട്. |
| (ഡി) | കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി എത്ര തുകയാണ് അനുവദിച്ചത് ; അതിൽ എത്ര ചെലവഴിച്ചു ; | (ഡി) | 2012-13 - ൽ 71439.00 ലക്ഷം രൂപ അനുവദിക്കുകയും, 42318.36 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു (59.24%). |
| (ഇ) | ചെലഴിച്ച തുകയിൽ കർഷകർക്ക് എത്ര ലഭ്യമായി ; എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭ്യമായത് ; ജില്ലാടിസ്ഥാനത്തിൽ കണക്ക് പ്രസിദ്ധീകരിക്കാമോ ? | (ഇ) | 12696 ലക്ഷം രൂപ കർഷകർക്ക് (അനുബന്ധം കണ്ടാലും) ലഭ്യമായി. പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും കർഷകർക്ക് നൽകി വരുന്നുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## DISTRICT WISE PLAN PROGRESS REPORT FOR THE MONTH OF JANUARY 2013

(Rs. Lakhs)

| Sl. No. | DISTRICT | State Sector Schemes | | | Central Sector Schemes | | | Grand Total | | |
|---|---|---|---|---|---|---|---|---|---|---|
| | | Allt. | Expn. | % | Allt. | Expn. | % | Allt. | Expn. | % |
| 1 | Thiruvananthapuram | 476.947 | 256.395 | 53.76% | 25.672 | 23.721 | 0.00% | 502.619 | 280.116 | 55.73% |
| 2 | Kollam | 1055.147 | 365.817 | 34.67% | 31.432 | 29.974 | 0.00% | 1086.579 | 395.791 | 36.43% |
| 3 | Pathanamthitta | 594.026 | 299.716 | 50.46% | 41.368 | 25.739 | 0.00% | 635.394 | 325.455 | 51.22% |
| 4 | Alappuzha | 2480.178 | 1369.594 | 55.22% | 488.474 | 176.239 | 0.00% | 2968.652 | 1545.833 | 52.07% |
| 5 | Kottayam | 1182.543 | 598.863 | 50.64% | 59.062 | 36.650 | 0.00% | 1241.605 | 635.512 | 51.18% |
| 6 | Idukki | 636.503 | 407.912 | 64.09% | 67.300 | 49.679 | 0.00% | 703.803 | 457.592 | 65.02% |
| 7 | Ernakulam | 1463.586 | 661.666 | 45.21% | 26.268 | 19.542 | 0.00% | 1489.854 | 681.208 | 45.72% |
| 8 | Thrissur | 1263.455 | 607.430 | 48.08% | 95.704 | 51.994 | 0.00% | 1359.159 | 659.424 | 48.52% |
| 9 | Palakkad | 4055.637 | 2018.074 | 49.76% | 26.438 | 15.685 | 0.00% | 4082.075 | 2033.758 | 49.82% |
| 10 | Malappuram | 1954.181 | 1197.397 | 61.27% | 59.462 | 55.450 | 0.00% | 2013.643 | 1252.847 | 62.22% |
| 11 | Kozhikode | 1746.805 | 984.677 | 56.37% | 64.048 | 15.174 | 0.00% | 1810.853 | 999.851 | 55.21% |
| 12 | Wayanad | 2743.114 | 1454.328 | 53.02% | 96.800 | 84.694 | 0.00% | 2839.914 | 1539.022 | 54.19% |
| 13 | Kannur | 2061.809 | 1001.697 | 48.58% | 79.980 | 50.864 | 0.00% | 2141.789 | 1052.561 | 49.14% |
| 14 | Kasaragod | 1297.777 | 812.531 | 62.61% | 49.424 | 24.691 | 0.00% | 1347.201 | 837.223 | 62.15% |
| TOTAL | | 23011.71 | 12036.10 | 52.30% | 1211.43 | 660.10 | 54.49% | 24223.1 | 12696.2 | 52.41% |



Section Officer